**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - പ്രളയം 2019 – കാസർഗോഡ് ജില്ല – പ്രളയകെടുതിയിൽ വീട് തകർന്ന ശ്രീമതി. ലളിത, W/o. തിമ്മപ്പ കാന്ത എന്ന വ്യക്തിയ്ക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

**റവന്യൂ (ഡി.ആർ.എഫ്. - ബി) വകുപ്പ്**

**സ.ഉ. (സാധാ) നം. 2909/2021 /റവ.** **തിരുവനന്തപുരം, തീയതി, 31.08.2021**

================================================================================

പരാമർശം:- 1. 26.10.2018 തീയതിയിലെ സ.ഉ. (കൈ) നം. 24/2018/റവ.

2 . കാസർഗോഡ് ജില്ലാ കളക്ടറുടെ 06.07.2021 തീയതിയിലെ DCKSGD/8108/2018/L6 നമ്പർ കത്ത്.

## ഉത്തരവ്

കാസർഗോഡ് ജില്ലയിൽ 2019 ആഗസ്റ്റ് മാസത്തിൽ ഉണ്ടായ പ്രകൃതിക്ഷോഭത്തിൽ ഉണ്ടായ നാശനഷ്ടങ്ങൾക്ക് റീബിൽഡ് കേരള മൊബൈൽ ആപ്പ് വഴി വിവരശേഖരണം നടത്തി ധനസഹായം വിതരണം ചെയ്തിട്ടുണ്ടെന്നും എന്നാൽ പ്രസ്തുത പ്രകൃതിക്ഷോഭത്തിൽ വീട് തകർന്ന ശ്രീമതി. ലളിത, W/o. തിമ്മപ്പ കാന്ത എന്ന വ്യക്തിയ്ക്ക് മേൽപ്പറഞ്ഞ പ്രകാരം റീബിൽഡ് കേരള മൊബൈൽ ആപ്പ് വഴി വിവരശേഖരണം നടത്തി ധനസഹായം വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ലെന്നും സൂചന (2) പ്രകാരം ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. ഇതിനെ തുടർന്ന് പ്രളയക്കെടുതിയിൽ വീട് തകർന്നവർക്ക് സൂചന (1) സർക്കാർ ഉത്തരവ് വ്യവസ്ഥ ചെയ്യുന്ന പ്രകാരം SDRF ൽ നിന്നുള്ള വിഹിതമായ 95,100/- രൂപ മേൽ വ്യക്തിയ്ക്ക് അനുവദിച്ചുവെന്നും CMDRF ൽ നിന്നുള്ള വിഹിതമായ 3,04,900/- രൂപ അനുവദിക്കുന്നതിനുള്ള നടപടി കൈക്കൊള്ളണമെന്നും കാസർഗോഡ് ജില്ലാ കളക്ടർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും പ്രളയകെടുതിയിൽ വീടുകൾക്കുണ്ടാകുന്ന നാശനഷ്ടം പരിഹരിക്കുന്നതിന് ധനസഹായം വിതരണം ചെയ്യുന്നതിന് പുറപ്പെടുവിച്ച സൂചന (1) സർക്കാർ ഉത്തരവിലെ വ്യവസ്ഥയ്ക്ക് വിധേയമായി ശ്രീമതി. ലളിത, W/o. തിമ്മപ്പ കാന്ത എന്ന വ്യക്തിയ്ക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വസനിധിയിൽ നിന്നുള്ള വിഹിതമായ **3,04,900/- രൂപ (മൂന്ന് ലക്ഷത്തി നാലായിരത്തി തൊള്ളായിരം രൂപ മാത്രം)** അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. വിതരണത്തിനാവശ്യമായിവരുന്ന **3,04,900/- രൂപ (മൂന്ന് ലക്ഷത്തി നാലായിരത്തി തൊള്ളായിരം രൂപ മാത്രം)** *"2075-00-800-40 Contribution to Chief Minister's Distress Relief Fund (NP)"* എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള T. P. 80 അക്കൗണ്ടിൽ നിന്നും തുക ബന്ധപ്പെട്ട കാസർഗോഡ് ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ തുക വിതരണം ചെയ്യുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതുമാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രാരി രാജൻ**

**സ്പെഷ്യൽ സെക്രട്ടറി**

ലാന്റ് റവന്യൂ കമ്മിഷണർ, തിരുവനന്തപുരം

ജില്ലാ കളക്ടർ, കാസർഗോഡ്

മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ഒബ്സർവേറ്ററി ഹിൽസ് വികാസ് ഭവൻ, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ജില്ലാ ട്രഷറി ഓഫീസർ, കാസർഗോഡ് (ട്രഷറി ഡയറക്ടർ തിരുവനന്തപുരം മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ & ഇ ) കേരള തിരുവനന്തപുരം
റവന്യൂവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
റവന്യൂ (ഡി ആർ എഫ് - എ, സി) വകുപ്പ്
ദുരന്ത നിവാരണ (എ, ബി ) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ്/ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.